31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സമർപ്പിക്കുന്നു.

5. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ ചെയർമാനായ ഞാൻ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. അൻവർ സാദത്ത്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....(ബഹളം).....ചെയർ ചോദിക്കാം. ആ കമ്മിറ്റിയിലെ മെമ്പറാണോ ?

ശ്രീ. അൻവർ സാദത്ത്: സർ, അതെ. ആ കമ്മിറ്റിയിലെ മെമ്പറാണ്.

മി. സ്പീക്കർ: ആ കമ്മിറ്റിയിലെ മെമ്പറാണ്. ആ കമ്മിറ്റിയിലെ മെമ്പറാണെങ്കിൽ ആ മെമ്പർക്ക് റിപ്പോർട്ട് വയ്ക്കാം.....(ബഹളം).....ഒരാൾ പറയൂ. എല്ലാവരും കൂടെ ബഹളം വച്ചാൽ എങ്ങനെയാണ്?

ശ്രീ. സി. ദിവാകരൻ: സർ, ചെയർ വിളിച്ചപ്പോൾ സൗകര്യംപോലെയാണ് വന്ന് റിപ്പോർട്ട് വച്ചത്. അത് ചെയറിനോടുള്ള അനാദരവാണ്. റൂളിംഗ് കൊടുക്കണം. ചെയർ വിളിച്ചപ്പോൾ ആളില്ല.

LIBRARY ARCHIVES Kerala Legislative Assembly